## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 631** | **07-01-2014 ലെ മറുപടിയ്ക്ക്**

## കാരുണ്യ ചികിത്സാ സഹായം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. എസ്. രാജേന്ദ്രൻ :** | | **ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** | |
| എ) | കാരുണ്യ ചികിത്സാ സഹായം 2011-12, 2012-13, വർഷങ്ങളിൽ അർഹതപ്പെട്ടവർക്ക് ലഭ്യമാക്കുന്നതിനായി,പ്രത്യേക ചെലവ് എന്തെങ്കിലും ഉണ്ടായിട്ടുണ്ടോ; എങ്കിൽ അത് ഓരോ വർഷവും എത്ര വീതമായിരുന്നു; | എ) | കാരുണ്യബെനവലന്റ് ഫണ്ട് പദ്ധതിയുമായി ബന്ധ പ്പെട്ട് ഭരണപരമായ ചിലവുകൾക്കായി 2011-12 വർഷം 2,10,000/- രൂപയും, 2012-13 വർഷം അടിസ്ഥാന സൗകര്യവികസനത്തിനുൾപ്പെടെ 1,02,13,956/- രൂപയും ചെലവായിട്ടുണ്ട്. |
| ബി) | 2011-12 ലും 2012-13 ലും കാരുണ്യ പദ്ധതി പ്രകാരം മൊത്തം എന്ത് തുക വീതം നൽകുകയുണ്ടായിട്ടുണ്ട്; വിശദമാക്കാമോ? | ബി) | കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി പ്രകാരം 2011-12 വർഷത്തിൽ 17,10,000/- രൂപയും 2012-13 വർഷത്തിൽ 75,58,01,824/- രൂപയും ചികിത്സാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. പദ്ധതിയിൽ നിന്നും നൽകുന്ന പരമാവധി ധന സഹായം 2 ലക്ഷം രൂപയാണ്. എന്നാൽ ഒരു കുടുംബത്തിൽ ഒന്നിലധികം ഹീമോഫീലിയ രോഗികൾ ഉണ്ടെങ്കിൽ ഭാരിച്ച ചികിത്സാ ചിലവ് കണക്കിലെടുത്ത് ഓരോ രോഗിയ്ക്കും രണ്ടു ലക്ഷം രൂപക്കുള്ള ചികിത്സാ ധനസഹായം നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**